**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **1028** | **08.01.2014** ൽ മറുപടിയ്ക്ക്

**പിന്നോക്ക സമുദായ ക്ഷേമ വകുപ്പിന്റെ പ്രവർത്തനം.**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. രാധാകൃഷ്ണൻ<br>ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. കെ. ദാസൻ<br>ശ്രീ. പുരുഷൻ കടലുണ്ടി** | | **ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി)** | |
| (എ) | ഈ സാമ്പത്തികവർഷം പിന്നോക്ക സമുദായക്ഷേമ വകുപ്പ് വഴി വിതരണം ചെയ്യേണ്ട വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ളവയുടെ മൂന്നിലൊന്നു മാത്രമേ വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുള്ളൂ എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്റെ കാരണം വിശദമാക്കാമോ ; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) | ഇല്ല.<br><br>ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഈ സാമ്പത്തികവർഷം ഒ.ഇ.സി, എസ്.ഇ.ബി.സി വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം വിതരണം നടത്തുന്നതിനായി അനുവദിച്ച 75 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഒ.ബി.സി (H.S.S) 100% C.S.S വിദ്യാർത്ഥികളുടെ ആനുകൂല്യം വിതരണം നടത്തുന്നതിനായി അനുവദിച്ച 10 കോടി രൂപയിൽ 4 കോടി രൂപ ഇതിനകം തന്നെ വിതരണം നടത്തിയിട്ടുണ്ട്. ആധാറുമായി ബന്ധിപ്പിച്ച ബാങ്ക് അക്കൗണ്ട് വഴി വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ ഉദ്യോഗസ്ഥർ നിലവിലുണ്ടോ ; മാനദണ്ഡപ്രകാരം എത്ര പേർ വേണമെന്നാണ് കണക്കാക്കിയിരിക്കുന്നത് ; എത്ര പേരാണ് നിലവിലുള്ളത് ; | (ബി) | മതിയായ ഉദ്യോഗസ്ഥ സംവിധാനം ആയിട്ടില്ല. ഡയറക്ടറേറ്റ് തലത്തിൽ 16 തസ്തികകളും 3 മേഖലാ ആഫീസുകളിൽ 33 തസ്തികകളും കൂട്ടതലായി വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഡയറക്ടർ ഉൾപ്പെടെ 10 ഉദ്യോഗസ്ഥർ നിലവിൽ ഉണ്ട്. കൂടാതെ ഒരാൾ പാർട്ട് ടൈം സ്വീപ്പറായി ജോലി നോക്കുന്നു. |
| (സി) | ആവശ്യത്തിന് ഉദ്യോഗസ്ഥരെ നിയമിക്കാൻ ഇതു വരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ? | (സി) | ഡയറക്ടറേറ്റിലേക്കും പുതുതായി ആരംഭിയ്ക്കാനുദ്ദേശിക്കുന്ന മൂന്ന് മേഖലാ ആഫീസുകൾക്കും വേണ്ട തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

Vijay

സെക്ഷൻ ഓഫീസർ